**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**
**നം.5672** — **02.07.2019-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഡി.സി. യുടെ തിയേറ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ എത്ര തിയേറ്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കമോ ;

(എ) നിലവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി കെ.എസ്.എഫ്.ഡി.സി. യ്ക്ക് 17 തിയറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവ ചുവടെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

<u>തിരുവനന്തപുരം</u> - കൈരളി, നിള, ശ്രീ, ലെനിൻ സിനിമാസ്, കലാഭവൻ തിയേറ്റർ
<u>ആലപ്പുഴ</u> – കൈരളി, ശ്രീ
<u>ചേർത്തല</u> – കൈരളി, ശ്രീ
<u>നോർത്ത് പറവൂർ</u> – കൈരളി, ശ്രീ
<u>തൃശ്ശൂർ</u> – കൈരളി, ശ്രീ
<u>കോഴിക്കോട്</u> - കൈരളി, ശ്രീ
<u>ചിറ്റൂർ</u> – കൈരളി, ശ്രീ.

(ബി) 2016-ന് ശേഷം കെ.എസ്.എഫ്.ഡി.സി.-യുടെ എത്ര പുതിയ തിയേറ്ററുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കമോ;

(ബി) 2016-ന ശേഷം നോർത്ത് പറവൂർ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് കൈരളി/ശ്രീ എന്നിങ്ങനെ രണ്ട് തിയേറ്ററുകളായും ചിറ്റൂർ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് കൈരളി/ ശ്രീ എന്നിങ്ങനെ രണ്ട് തിയറ്ററുകളായും തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ഒരു പുതിയ തിയേറ്ററും പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

(സി) ഈ സാമ്പത്തിക വർഷം എത്ര പുതിയ തിയേറ്ററുകൾ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും

(സി) ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന നാല് സ്ഥലങ്ങളിലായി 9 തിയേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് കെ.എസ്.എഫ്.ഡി.സി

ഓരോന്നിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്നത്തേക്ക് ഇവയുടെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്നും വിശദമാക്കുമോ;

ഉദ്ദേശിക്കുന്നത്.

| പുതുതായി തിയേറ്റർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ | കിഫ്ബി പദ്ധതി പ്രകാരം തിയേറ്റർ നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്ന തുക |
|---|---|
| കായംകുളം - 3 സ്ക്രീനുകൾ | 15.03 കോടി |
| പയ്യന്നൂർ – 2 സ്ക്രീനുകൾ | 11.35 കോടി |
| അളഗപ്പനഗർ – 2 സ്ക്രീനുകൾ | 9.40 കോടി |
| പേരാമ്പ്ര – 2 സ്ക്രീനുകൾ | 11.35 കോടി |

ടി തിയേറ്ററുകളുടെ പ്രവർത്തനം 2020 ജൂൺ മാസത്തോടെ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

(ഡി) ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.എഫ്.ഡി.സി. യുടെ പുതിയ തീയറ്ററുകൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഗ്രാമ പ്രദേശങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തിയേറ്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിൽ കെ.എസ്.എഫ്.ഡി.സി ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ